**"ഭരണഭാഷ – മാതൃഭാഷ"**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ :- ശ്രീ. എം എ മുഹമ്മദ് അൻസാരി)

ഉത്തരവ് നമ്പർ : എച്ച്.ഇ.സി.ഇ/6/2021/-ബി1 തീയതി-26-07-2024

വിഷയം: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- ജീവനക്കാര്യം- സീനിയർ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ക്ലർക്കുമാരുടെ 1/2/2023 അടിസ്ഥാനമാക്കിയ ഗ്രഡേഷൻ ലിസ്റ്റ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ. ജി. സുരേഷ് വർമ്മ 31/05/2024 - ൽ പ്രായപൂർത്തി പെൻഷനിൽ വിരമിച്ചതു നിമിത്തം ഈ വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ക്ലർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായിട്ടുള്ള ശ്രീമതി. രാജി ജെ., ശ്രീ. പ്രഭൻ ഡി. പി., എന്നിവർ സ്ഥാനക്കയറ്റത്തിന് ആവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷാവിജയം കൈവരിച്ചിട്ടില്ലാത്തതിനാൽ അടുത്ത സീനിയറും പരീക്ഷാ യോഗ്യതയുള്ള ആളുമായ ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീമതി. ജി. ശ്രീജയ്ക്കാണ് (പെൻ - 791318) സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീമതി. ജി. ശ്രീജയ്ക്ക് ₹ 35600-75400/- ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ നിയമിക്കുന്നു.

Signed by Mohamed Ansari
M A
Date: 26-07-2024 17:10:39
CHIEF ENGINEER

സ്വീകർത്താവ്

ശ്രീമതി ജി. ശ്രീജ (ഓഫീസ് മേധാവി മുഖേന)

പകർപ്പ് :

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല, എറണാകുളം
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ ഡിവിഷൻ
3. ചീഫ് എൻജിനീയറുടെ പി എ
4. B4 സെക്ഷൻ/വെബ് സൈറ്റിലേയ്ക്ക്